## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

**പ്രവചന കാലയളവ് 21.12.2024 മുതൽ 25.12.2024 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 51/2024 (102) വെള്ളിയാഴ്ച | തീയ്യതി 20/12/2024 |
|---|---|

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 21.12.2024 | 22.12.2024 | 23.12.2024 | 24.12.2024 | 25.12.2024 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0.1 | 0.1 | 0.1 | 0 | 0.1 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 84 | 84 | 84 | 84 | 84 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 68 | 68 | 68 | 68 | 68 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 4 | 8 | 4 | 4 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 290 | 340 | 290 | 320 | 270 |
| മേഘ വ്യാപ്തി (ഒക്ടാ ) | 5 | 7 | 5 | 5 | 5 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത..

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ:കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. കാറ്റിന്റെ വേഗത കൂടിവരുന്നതിനാലും, ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. വാഴക്ക് താങ്ങുകാലുകൾ നൽകുക, പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക. മഴ കുറഞ്ഞു വരുന്നതിനാൽ മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല്(മുണ്ടകൻ) കതിരു വന്ന പരുവം | ബാക്ടീരിയൽ ഇലകരിച്ചിൽ | 20ഗ്രാം പച്ചചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്ത് 20 ഗ്രാം സ്യൂഡോമോണസും ചേർത്തു കലക്കി തളിക്കാവുന്നതാണ്. |
| പച്ചക്കറികൾ | നീരൂറ്റിക്കുടിക്കുന്ന കീടങ്ങൾ | മിത്രകുമിളായ ലേക്കാനിസീലിയംലെക്കാനി കീടാക്രമണത്തിൻറ്റെ തുടക്കത്തിൽ തന്നെ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചുതളിക്കുക. വേപ്പധിഷ്ഠിത കീടനാശിനികൾ തളിക്കുകയോ അല്ലെങ്കിൽ രാസകീടനാശിനികളായ ഡൈമെത്തോയേറ്റ് 30 EC (1.5 മി.ലി. ഒരുലിറ്റർ വെള്ളത്തിൽ) അല്ലെങ്കിൽ തയാമേതോക്സാം 20 WG (2 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ) എന്നിവയിലേതെങ്കിലും ഇലകളുടെ അടിഭാഗത്ത്കൂടി വീഴുന്നവിധം തളിക്കുക. മീലിമൂട്ടകൾമൂട്ടകൾ, വെള്ളീച്ചകൾ എന്നിവക്കെതിരെ കീടനാശിനികൾ ഉപയോഗിക്കുന്നതിനു മുൻപ്സോപ്പുള്ളം തളിക്കുന്നത്കീടങ്ങൾ പുറപ്പെടുവിക്കുന്ന മെഴുകുപോലുള്ള ആവരണങ്ങൾ അലിയിക്കുന്നതിനു സഹായിക്കുന്നു. |
| ശീതകാല പച്ചക്കറികൾ | പരിചരണം | കാബേജ്, കോളിഫ്ലവർ എന്നിവയ്ക്ക്മഴയില്ലെങ്കിൽ ഹെഡ് / കർഡ്(ഭക്ഷ്യയോഗ്യമായഭാഗം) രൂപപ്പെടുന്നതുവരെ ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ ആവശ്യാനുസരണം ജലസേചനം നൽകാവുന്നതാണ്. കോളിഫ്ലവറിൻറ്റെ കർഡ്വന്നു തുടങ്ങി പകുതി മൂപ്പെത്തുമ്പോൾ സൂര്യപ്രകാശം ഏറ്റ്നിറം മഞ്ഞളിക്കാതിരിക്കാൻ ചുറ്റുമുള്ള 3-4 ഇലകൾ കൂട്ടിച്ചേർത്തു കെട്ടികൊടുക്കാവുന്നതാണ്. |
| വിവിധ വിളകളിൽ | ശലഭപ്പുഴുക്കൾ | വേപ്പിൻകുരുസത്ത് 5% [നന്നായി പൊടിച്ച വേപ്പിൻകുരു 50 ഗ്രാം കിഴി കെട്ടി ഒരു ലിറ്റർ വെള്ളത്തിൽ മുക്കി 12 മണിക്കൂർ വെക്കുക, ശേഷം കിഴി നന്നായി പലതവണ പിഴിഞ്ഞ്, പുറത്തു വരുന്ന വെള്ളം ക്ലിയർ ആകുന്നവരെ പിഴിഞ്ഞെടുത്തത്] തളിച്ച്കൊടുക്കാം; ബിവേറിയ ബസിയാന 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കാം; ക്ലോറാൻട്രാലിനിപ്പോൾ 18.5 SC മൂന്നു മില്ലി പത്തുലിറ്റർ വെള്ളത്തിൽ കലക്കി തളിക്കാം. |

മൃഗസംരക്ഷണം:- ചാണക പരിശോധന നടത്തി വിദഗ്ധോപദേശ പ്രകാരം വിര മരുന്ന് നൽകുക. കുളമ്പ് രോഗത്തിന്റെ പ്രതിരോധ കുത്തിവെയ്പ് എടുക്കുക. ചെള്ള് ,ഈച്ച, കൊതുക്, പേൻ തുടങ്ങിയ ബാഹ്യപരാധങ്ങൾക്കു എതിരെ ജാഗ്രത പുലർത്തുക. (CAADECCS KVASU, Mannuthy)